# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1118 04.02.2019 ൽ മറുപടിക്ക്**

**മലപ്പുറം മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ<br>ബി) അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;<br>സി) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് നടപ്പ് വർഷം ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ? | എ) ബി) & സി) | 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പെരിങ്ങോട്ടുപാലം ജി.എൽ.പി സ്കൂൾ കെട്ടിട നിർമ്മാണത്തിന് 2018-19 വർഷത്തെ എം.എൽ.എ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി മലപ്പുറം ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാവുകയും ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.<br>നിരത്തു വിഭാഗത്തിന് കീഴിൽ Budget work 2018-19 Special sanction-providing BM & BC Malappuram - Kottappadi Byepass between km 0/000 - 0/610 & widening of Tirur - Malappuram road between km 25/650 - 26/230 in Malappuram LAC എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br>ദേശീയപാത വിഭാഗത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷത്തിൽ മലപ്പുറം മണ്ഡലത്തിലെ കാവുങ്ങൽ ബൈപ്പാസ് (4 വരി) ന്റെ പുനരുദ്ധാരണത്തിന് 6 കോടി രൂപയുടെ ഭരണാനുമതി കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭ്യമായാൽ ഉടൻ തന്നെ തുടർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ